# Holy Voice

## Parish Bulletin


## ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം

പി.ഒ.മാടായിക്കോണം 680 712, തൃശ്ശൂർ ജില്ല

ഫോൺ :0480 2822740

രക്ഷാധികാരി
**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

മാനേജിംഗ് എഡിറ്റർ
**റവ.ഫാ.ജോസ് മാളിയേക്കൽ**
ഫോൺ : 0480 2826192, 9446628250

പുസ്തകം 7 ജനുവരി 2014



**എഡിറ്റർ**
ജോർജ് എറാട്ടുകാരൻ 9605666658

**സെക്രട്ടറി**
ജോസഫ് കാച്ചപ്പിള്ളി 9400878280

**സബ്ബ് എഡിറ്റർ**
ജെസ്സിൻ മംഗലത്ത് 9747552251

**അഡ്വർടൈസ്മെന്റ് മാനേജർ:**
ജെയിംസ് നെല്ലിശ്ശേരി 9447466548

**ട്രഷറർ**
അനൂപ് ബേബി അറയ്ക്കൽ 9947272633

**എഡിറ്റോറിയൽ ബോർഡ്**
റവ.സി.ഡെൽസാ മരിയ FCC 2822935
ജോഷി മഞ്ഞളി 9895467530
ആന്റണി കള്ളാപറമ്പിൽ 9447240089
അനന്ത് അറയ്ക്കൽ 9846567891
ബീന തോമസ് ചേറേങ്ങാടൻ 9048244810
ക്രിസ്റ്റി പോളി ആഴ്ച്ചങ്ങാടൻ 9747941924

**ട്രസ്റ്റിമാർ**
ജോസ് ചെങ്ങാലൂക്കാരൻ 9747725558
ജോസഫ് കാച്ചപ്പിള്ളി 9400878280
സൈമൺ ചാക്കോര്യ 8547424191


പേജുകളിലൂടെ...


| | |
|---|---|
| ഇടവക ഡയറി | 2 |
| എഡിറ്റോറിയൽ | 3 |
| ഇടയശബ്ദം | 5 |
| തിരുനാൾ - പെരുനാൾ | 11 |
| എന്തുനല്ലമ്മ...എന്നുടെ അമ്മ | 13 |
| വിശുദ്ധരുടെ ജീവിതത്തിലൂടെ | 17 |
| വീണ്ണുതീർന്നുപോയ വിരുന്ന് | 18 |
| സഭാവാർത്തകൾ | 25 |
| പിന്നിട്ടലോകം | 27 |
| ജാലകത്തിലൂടെ | 31 |
| തളരാത്ത മനസ്സുമായി | 37 |
| മതബോധനം | 38 |
| വെള്ളിയാഴ്ച ആചരണം | 39 |
| ക്വിസ് മത്സരം | 40 |
| കളറിംഗ് മത്സരം | 41 |
| വചനഗീതം | 43 |
| ബൈബിൾ കലണ്ടർ | 44 |




# ഹോളി വോയ്സ്



## ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം

### പാരിഷ് ബുള്ളറ്റിൻ

ജനുവരി 2014

| തിയ്യതി | സമയം | ഇടവക ഡയറി - ജനുവരി 2014 |
|---|---|---|
| 01 | 12.01 a.m. | നവവത്സര ദിനം<br>വർഷാരംഭ പ്രാർത്ഥന, ആരാധന, വി. കുർബ്ബാന |
| 02 | 6.30 a.m. | അമ്പ്തിരുനാൾ - കൊടിയേറ്റം |
| 03 | | മാസാദ്യ വെള്ളി - വെള്ളിയാഴ്ച ആചരണം |
| 04 | | അമ്പെഴുന്നള്ളിപ്പ് വീടുകളിലേക്ക് |
| 05 | | വിശുദ്ധ സെബസ്ത്യാനോസിന്റെ അമ്പുതിരുനാൾ |
| 06 | | ദനഹാ തിരുനാൾ |
| 10 | | വെള്ളിയാഴ്ച ആചരണം |
| 11 | 3.00 p.m. | മാതൃസംഘം മീറ്റിങ്ങ് |
| 12 | 8.00 a.m. | ദനഹാകാലം - ഒന്നാം ഞായർ<br>പ്രതിനിധിയോഗം |
| 17 | | വെള്ളിയാഴ്ച ആചരണം |
| 19 | | ദനഹാകാലം - രണ്ടാം ഞായർ |
| 24 | | വെള്ളിയാഴ്ച ആചരണം |
| 26 | 8.00 a.m. | ദനഹാകാലം - മൂന്നാം ഞായർ<br>ഉണ്ണിമിശിഹാ കപ്പേളയിൽ തിരുനാൾ<br>ഫ്രാൻസിസ്ക്കൻ അൽമായ സമൂഹം - മീറ്റിംഗ് |
| 31 | | വെള്ളിയാഴ്ച ആചരണം |

ഫാ. ജോസ് മാളിയേക്കൽ, വികാരി & റെക്ടർ

## ഹോളിവോയ്സ് കമ്മററിയുടെ
## അമ്പ് തിരുനാൾ - പുതുവത്സരാശംസകൾ

എല്ലാ ഇടവകാംഗങ്ങൾക്കും അമ്പ് തിരുനാളിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ പ്രാർത്ഥനാപൂർവ്വം നേരുന്നു. വിശ്വാസ സംരക്ഷണത്തിനുവേണ്ടി ജീവൻ ബലി നൽകിയ വി. സെബസ്ത്യാനോസിന്റെ മാതൃക നമ്മുടെ ജീവിത വഴിയിൽ വെളിച്ചമായി തീരട്ടെ. ഇരിങ്ങാലക്കുട രൂപത ലഹരി വിമുക്ത വർഷമായി ആചരിക്കുന്ന ഈ വർഷം **നമ്മുടെ ഇടവകയിലെ ഓരോ കുടുംബവും ലഹരി വിമുക്ത ഭവനങ്ങളായി മാറ്റാൻ നമുക്ക് പരിശ്രമിക്കാം.**

# എഡിറ്റോറിയൽ



പ്രിയമുള്ളവരെ,

നിങ്ങൾക്കേവർക്കും നവവത്സരാശംസകൾ നേരുന്നു. ഇത് വിലയിരുത്തലിന്റെയും കണക്കുകൂട്ടലിന്റെയും സമയമാണ്. കഴിഞ്ഞ ഒരു വർഷക്കാലം ജീവിതത്തിൽ സംഭവിച്ചുപോയ വൈഫല്യത്തിന്റെയും നേടിയെടുത്ത സൗഭാഗ്യങ്ങളുടെയും വിലയിരുത്തൽ. അതുപോലെ ഇരുപത്തഞ്ച് നോമ്പാചരണത്തിൽ സ്വാംശീകരിച്ച സൽഫലങ്ങളുടെ പൂർത്തീകരണത്തിനുള്ള കണക്കുകൂട്ടലുകളും. റോമൻ കലണ്ടറിൽ ജനുവരി മാസത്തെ കൂട്ടിചേർക്കുമ്പോൾ അവർ ഗ്രീക്കു പുരാണത്തിലെ ഇരുവശങ്ങളിലേക്കും മുഖമുള്ള "ജാനുവസ്" ദേവനെയാണ് പ്രതീകമാക്കിയത്. കഴിഞ്ഞതിലേക്കും വരാനിരിക്കുന്നതിലേക്കും മുഖമുള്ളയാൾ! ഇവിടെയാണ് നമുക്കുണ്ടാകേണ്ട ചിന്തകളുടെ പ്രസക്തി. സമൂഹത്തിലെ അരുതായ്മകളേയും അനീതികളേയും ആത്മരോഷത്തോടെ കാണുന്ന നമ്മൾ അതിനെതിരെ പ്രതികരിക്കാനോ സ്വയം മാതൃകയാകാനോ ശ്രമിക്കുന്നില്ല എന്നതാണ് വാസ്തവം. ഇതിനു പ്രകടമായ ഉദാഹരണമാണ് അനീതിയും അഴിമതിയും നിറഞ്ഞ സാമൂഹ്യാവസ്ഥയുടെ നേരെയുള്ള നിസ്സംഗത. മറ്റൊരു ഉദാഹരണമാണ് നമ്മിൽ വളർന്നു വരുന്ന ലഹരിയോടുള്ള അമിതാവേശം. സൗഹൃദങ്ങളെ നിലനിർത്താനുള്ള ഉപാധിയായിട്ടാണ് നമ്മുടെ വീടുകളിൽ വിശേഷാവസരങ്ങളിൽ നടത്തപ്പെടുന്ന മദ്യസൽക്കാരം! പുതുതലമുറയ്ക്കു നമ്മൾ കാണിച്ചു കൊടുക്കുന്ന ഈ തെറ്റായ മാതൃക അവരെ വഴിതെറ്റിക്കുന്നുണ്ടെങ്കിൽ ആരാണതിനുത്തരവാദി? എല്ലാം ശരിയാകണം, എന്നാൽ ഞാൻ ശരിയാകില്ല എന്ന കടുംപിടുത്തം ഉപേക്ഷിക്കുന്നിടത്താണ്, നമ്മുടെ സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി എനിക്കും ചിലതൊക്കെ ചെയ്യാനുണ്ട് എന്ന ആത്മബോധം ഉൾത്തിരിയുന്നിടത്താണ് ദൈവരാജ്യത്തിന്റെ ആവിർഭാവം നടക്കുന്നത്. ദൈവസ്നേഹത്തിന്റെ പൂർത്തീകരണത്തിനായി രക്തസാക്ഷിത്വം വരിച്ച വി. സെബസ്ത്യാനോസിന്റെ തിരുനാളാഘോഷിക്കാൻ പോകുന്ന നമ്മൾ വിശുദ്ധൻ നേരിട്ട തിക്താനുഭവങ്ങളുടെ ഒരംശം പോലും സഭയ്ക്കുവേണ്ടിയോ സമൂഹത്തിനുവേണ്ടിയോ അനുഭവിയ്ക്കാൻ തയ്യാറാകുന്നുണ്ടോ? സ്വയം വിമർശനാത്മകമായ ചിന്തകൾ ഈ അവസരത്തിൽ നമ്മളിലോരോരുത്തരിലും ഉണ്ടാകട്ടെ. അതിൽ നിന്നും പ്രചോദിതരായി സഭാനന്മയ്ക്കും അതുവഴി സമൂഹനന്മയ്ക്കും വേണ്ടി പ്രവർത്തിക്കാൻ ഈ പുതുവർഷത്തിൽ നമുക്കു കഴിയട്ടെ എന്ന പ്രാർത്ഥനയോടെ ഏവർക്കും തിരുനാൾ ആശംസകൾ നേരുന്നു.

സ്നേഹപൂർവ്വം, **ജോർജ്ജ് എറാട്ടുകാരൻ** (എഡിറ്റർ)



# ഇടയശബ്ദം

യേശുവിൽ ഏറ്റവും പ്രിയപ്പെട്ടവരെ,

2014- ഒരു പുതുവത്സരം കൂടി കാണുവാൻ നമുക്ക് ഭാഗ്യം ലഭിച്ചിരിക്കുന്നു. നിങ്ങൾക്കെല്ലാവർക്കും പുതുവർഷത്തിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ഞാൻ ആശംസിക്കുന്നു. പുതുവർഷം നമ്മുടെ ജീവിതയാത്രയിൽ കൂടുതൽ ദൈവകൃപ നിറഞ്ഞതും സുകൃത സമ്പന്നവും അനുഗ്രഹീതവുമായി ഭവിക്കട്ടെ. കഴിഞ്ഞുപോയ വർഷങ്ങളിലെ അപൂർണതകളും പോരായ്മകളും ഇല്ലായ്മ ചെയ്ത് പ്രതീക്ഷയോടെ മുന്നേറുവാനും ദൈവാനുഗ്രഹത്തോട് ചേർന്ന് കൂടുതൽ നന്മ ചെയ്ത് സൽഫലങ്ങൾ പുറപ്പെടുവിക്കുവാനും പുതിയ വർഷം നമ്മെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യട്ടെ. അവയവദാനങ്ങളും പാവപ്പെട്ടവർക്കുവേണ്ടിയുള്ള സ്നേഹ ശുശ്രൂഷകളും സഹായങ്ങളും നന്മയുടെ നുറുങ്ങുവെട്ടം സമൂഹത്തിലെ വർദ്ധിച്ചുവരുന്ന തിന്മകൾ ഉച്ചാടനം ചെയ്യുവാനിടയാകട്ടെ.

ക്രിസ്തുവിശ്വാസത്തിനും, സഹോദര സ്നേഹത്തിനും വേണ്ടി രാജകീയ സൗകര്യങ്ങളും ഉന്നതപദവിയും ഉപേക്ഷിച്ചു ധീര രക്തസാക്ഷിയായ വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ ജനുവരി ആദ്യ ഞായറാഴ്ച തന്നെ നമ്മൾ ആചരിക്കുകയാണല്ലോ. വിശുദ്ധനെപ്പോലെ സഹോദര സ്നേഹത്തിലധിഷ്ഠിതമായ ക്രിസ്തുവിശ്വാസത്തിന്റെ ധീരമാതൃകകളാകുവാൻ നമുക്ക് കഴിയണം. അതിനായി പരിശ്രമിക്കണം. ഈ വർഷത്തെ തിരുനാളാഘോഷം - അമ്പെഴുന്നള്ളിപ്പും, പ്രദക്ഷിണങ്ങളും, തിരുക്കർമ്മങ്ങളും - ഇതിന് നമ്മെ സഹായിക്കട്ടെ.

നമ്മുടെ ഇടവകയെ സംബന്ധിച്ച് 2014 അനുഗ്രഹവർഷങ്ങളുടെ ഒരു പുതുപിറവിയാകണം. നമ്മുടെ കർത്താവീശോമിശിഹായുടെ കുരിശുമരണത്തിന്റെ ഓർമ്മ ദിനമായ വെള്ളിയാഴ്ചകളിൽ നമ്മൾ നടത്തികൊണ്ടിരിക്കുന്ന ആത്മീയ ശുശ്രൂഷകൾ, കൂടുതൽ ശുശ്രൂഷകളോടെ 2014 ജനുവരി മുതൽ എല്ലാ വെള്ളിയാഴ്ചകളിലും നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്.

വിശുദ്ധ കുരിശിന്റെ പ്രതിഷ്ഠയിൽ 1086 വർഷത്തെ ചരിത്രപരമായ പഴമയും പെരുമയുമുള്ള ഒരിടവകയാണ് നമ്മുടേത്. വിശുദ്ധ കുരിശിന്റെ നാമത്തിലുള്ള ഭാരതത്തിലെ ആദ്യത്തെ ദൈവാലയം നമ്മുടേതാണ്. വിശുദ്ധ കുരിശിന്റെ സംരക്ഷണത്തിലും സഹായത്തിലും നമ്മൾ വളർന്നു. ക്രൂശിതനായ മിശിഹായുടെ - കുരിശു മുത്തപ്പന്റെ - അനുഗ്രഹങ്ങൾ നാം

സ്വീകരിച്ചു. വെള്ളിയാഴ്ച ആചരണവും വിശുദ്ധ കുരിശിന്റെ നൊവേനയും നമ്മെ കൂടുതൽ ആത്മീയതയിലേക്കു നയിച്ചു. ആണ്ടു വട്ടത്തിൽ സാർവ്വത്രികസഭ വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ആചരിക്കുന്ന സെപ്തംബർ 14ന് തന്നെ അതിശ്രേഷ്ഠമായ മനോഹാരിതയിൽ നവനാൾ ആചരണത്തോടെയും, നന്ദിയുടെ നറുമണമായി ആൾതൂക്കത്തിലുള്ള മെഴുകുതിരികൾ തെളിയിച്ചുകൊണ്ടും, മറ്റു നേർച്ച കാഴ്ചകൾ സമർപ്പിച്ചു കൊണ്ടും നാം തിരുനാൾ ആഘോഷിക്കുന്നു. ഒരിക്കലും കെടാതെ രാപ്പകൽ കപ്പേളയിൽ കത്തിനിൽക്കുന്ന മെഴുകുതിരികൾ നിത്യപ്രകാശമായ മിശിഹായെ രക്ഷകനും നാഥനുമായി ഏറ്റുപറഞ്ഞു ജീവിക്കുന്ന അനേകർക്കു ലഭിച്ച അനുഗ്രഹങ്ങളുടെ നന്ദിയർപ്പണവും സാക്ഷ്യപത്രവുമാണ്. ഭാരതസഭയിൽ മറ്റൊരിടത്തും ഇപ്രകാരം കാണുവാൻ കഴിയില്ല. അത്രയും ധന്യമാണ് നമ്മുടെ ഇടവക.

2008 ഡിസംബർ 1 മുതൽ നമ്മുടെ ദൈവാലയം ഒരു സാധാരണ ഇടവക ദൈവാലയം എന്നതിൽ നിന്ന് വിശുദ്ധ കുരിശിന്റെ നാമത്തിലുള്ള ഒരു തീർത്ഥാടന ദൈവാലയം (Shrine Church of the Holy Cross) എന്ന പദവിയിലേക്ക് ഉയർത്തപ്പെട്ടു. ഒരു തീർത്ഥാടന ദൈവാലയം എന്നുപറയുമ്പോൾ അത് ഇടവക സമൂഹത്തിന്റേത് മാത്രമല്ലാതായി മാറുകയാണ്. ലോകത്തിന്റെ ഏതു ഭാഗത്തുനിന്നുള്ള വിശ്വാസി സമൂഹത്തിനും തീർത്ഥാടകരായി ഇവിടെ വരുവാനും തിരുക്കർമ്മങ്ങളിൽ പങ്കുചേരാനും, നേർച്ച കാഴ്ചകൾ സമർപ്പിക്കുവാനും, അനുഗ്രഹങ്ങൾ സ്വീകരിക്കുവാനും സാധിക്കും. അതാണ് ഒരു തീർത്ഥാടന ദൈവാലയത്തിന്റെ പ്രത്യേകത. തീർത്ഥാടകരായി വരുന്നവർക്ക് തിരുക്കർമ്മങ്ങളിൽ പങ്കുചേരുന്നതിനുള്ള സൗകര്യം ഒരുക്കി കൊടുക്കുകയെന്നത് ഇടവകയുടെ കടമയാണ്. നമ്മുടെ ദൈവാലയം വി. കുരിശിന്റെ തീർത്ഥാടന ദൈവാലയമാണ്. വി. കുരിശിന്റെ സംരക്ഷണയിൽ, സഹനത്തിന്റെ രക്ഷാകരമൂല്യം മനസ്സിലാക്കി കുരിശുമുത്തപ്പന്റെ - ക്രൂശിതനായ മിശിഹായുടെ - അനുഗ്രഹത്തിന്റെ സാക്ഷികളാകുവാൻ ഏവർക്കും കഴിയണം.

ഇപ്പോൾ തിരുനാൾ അവസരങ്ങളിൽ മാത്രമാണ് കുറച്ചു പേരെങ്കിലും മറ്റുള്ള സ്ഥലങ്ങളിൽ നിന്ന് ഇവിടെ എത്തിച്ചേരുന്നത്. അതുകൊണ്ടു മാത്രം ഒരു തീർത്ഥാടന ദൈവാലയത്തിന്റെ പൂർണ്ണത ലഭിക്കില്ല. പുറമെ നിന്ന് തീർത്ഥാടകരായി വരുന്നവർക്ക് ആഴ്ചയിൽ ഒരു ദിവസമെങ്കിലും എല്ലാസമയത്തും തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുവാൻ സാധിക്കണം എന്ന നിലയ്ക്കാണ് മാസാദ്യവെള്ളിയാഴ്ചയാചരണത്തോടൊപ്പം എല്ലാ ആഴ്ചകളിലും വെള്ളിയാഴ്ച ദിവസം പൂർണ്ണമായും അതിനുവേണ്ടി മാറ്റിവയ്ക്കുവാൻ തീരുമാനിച്ചത്. നമ്മെ സംബന്ധിച്ച് ഇടവക ദേവാലയത്തിൽ മാത്രമല്ല കുരിശിന്റെ കപ്പേളയിലും ഭക്തജനങ്ങൾക്ക് ശുശ്രൂഷകളിൽ പങ്കെടുക്കുവാൻ അവസരമുണ്ടാകണം. കൂടാതെ അമ്പതു നോമ്പിന്റെ എല്ലാ വെള്ളിയാഴ്ചകളിലും പ്രത്യേകമായ ശുശ്രൂഷകൾ നടത്തി കുരിശിന്റെ മഹത്വം പ്രഘോഷിക്ക

പ്പെടണം. ഇവിടെ തീർത്ഥാടകർക്കു വരുവാൻ സൗകര്യം ചെയ്തുകൊടു ക്കണം. ഇപ്രകാരം ആരംഭിക്കുന്ന ശുശ്രൂഷകളെപ്പറ്റി നമ്മുടെ രൂപതയിലെ എല്ലാ പള്ളികളിലും അയൽ രൂപതകളിലെ പള്ളികളിലും അറിയിക്കേണ്ട തുമുണ്ട്.

ഇപ്രകാരം തീർത്ഥാടന ദൈവാലയത്തിന്റെ പൂർണ്ണതയിലേക്ക് നമ്മൾ എത്തണമെങ്കിൽ ആദ്യമായി ഇടവക സമൂഹം ഇതേപ്പറ്റി ബോധ്യമുള്ളവ രാകുകയും, കുരിശിന്റെ ചൈതന്യം ഉൾക്കൊള്ളുവാൻ പ്രാപ്തരാകുകയും വേണം. ഞായറാഴ്ചകളിലും, തിരുനാളുകളിലും, കടമുള്ള ദിവസങ്ങളിലും പങ്കെടുക്കുന്നതുപോലെ വെള്ളിയാഴ്ചകളിൽ നടത്തപ്പെടുന്ന ശുശ്രൂഷക ളിലും - വി. കുർബ്ബാന, നൊവേന, ഇതര ശുശ്രൂഷകൾ - സംബന്ധിക്കു വാൻ നമ്മൾ തയ്യാറാകണം. ഇടവക സമൂഹത്തിനും, തീർത്ഥാടകർക്കും സംബന്ധിക്കുവാൻ തക്കവിധത്തിൽ രാവിലെ 6.30നും 10 മണിക്കും, വൈകീട്ട് 4 മണിക്കും വി. കുർബ്ബാന ഉണ്ടായിരിക്കും. കൂടാതെ വചന പ്രഘോഷ ണവും, തിരുമണിക്കൂർ ആരാധനയും, സ്ലീവാപാതയും, പള്ളിയിലും കപ്പേ ളയിലും വി. കുരിശിന്റെ നൊവേനയും ഉണ്ടാകും. 10 മണിക്കുള്ള തിരു ക്കർമ്മങ്ങൾക്ക് ശേഷം എല്ലാവർക്കും നേർച്ച ഭക്ഷണവും ഒരുക്കുന്നുണ്ട്. താഴെ പറയുന്ന സമയങ്ങളിലാണ് തിരുക്കർമ്മങ്ങൾ താൽക്കാലികമായി ക്രമീകരിച്ചിരിക്കുന്നത്.

**6.30 a.m.** - വി. കുർബ്ബാന, **9.30 a.m.** - ജപമാല സമർപ്പണം, **10.00 a.m** - പ്രസുദേന്തിവാഴ്ച, ലദീഞ്ഞ്, ആഘോഷമായ വി. കുർബ്ബാന, വചന പ്രഘോ ഷണം, വി. കുരിശിന്റെ നൊവേന, ആരാധന, നേർച്ച ഭക്ഷണം, **3.00 p.m.** - മിശിഹായുടെ തിരുമരണസമയ സ്മരണയിൽ അനുഗ്രഹദായകമായ തിരു മണിക്കൂർ ആരാധന, **4.00 p.m**-വി.കുർബ്ബാന, **4.45 p.m.**- സ്ലീവാപാത, **5.15 p.m** - വി. കുരിശിന്റെ നൊവേന - സെന്റ് ജോൺ കപ്പേളയിൽ

കുരിശാണ് രക്ഷ, കുരിശിലാണ് രക്ഷ, എന്നുദ്ഘോഷിച്ചുകൊണ്ട് സഹ നത്തിന്റെ രക്ഷാകരമൂല്യം ഉൾക്കൊണ്ട് വി. കുരിശിന്റെ മഹത്വം പ്രഘോ ഷിക്കുവാനും, തീർത്ഥാടകരായി ഇവിടെ എത്തുന്നവരുടെയും, നമ്മുടെയും കുടുംബങ്ങൾ വിശുദ്ധീകരിക്കപ്പെട്ടു അനുഗ്രഹീതമാകുവാനും വെള്ളിയാഴ്ച ആചരണം നമ്മെ സഹായിക്കട്ടെ. വെള്ളിയാഴ്ച ആചരണത്തിന്റെ വിജയ ത്തിനും നമ്മുടെ തീർത്ഥാടന ദൈവാലയത്തിന്റെ പ്രശസ്തിക്കും ഏവർക്കും അനുഗ്രഹ സ്വീകരണത്തിനും ഇടവക സമൂഹത്തിന്റെ ആത്മാർത്ഥമായ സഹായവും, സഹകരണവും, പ്രാർത്ഥനയും, പങ്കുചേരലും ഞാൻ പ്രത്യേ കമായി സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

ക്രൂശിതനായ മിശിഹാ നമ്മെ അനുഗ്രഹിക്കട്ടെ.

വിശുദ്ധ കുരിശിന്റെ സംരക്ഷണയിൽ

യേശുവിൽ സ്നേഹപൂർവ്വം,

**ഫാ. ജോസ് മാളിയേക്കൽ**

വികാരി & റെക്ടർ

# തിരുനാൾ- പെരുന്നാൾ



റവ.ഡോ.വിൻസന്റ് ആലപ്പാട്ട്
പ്രസിഡണ്ട്, പൗരസ്ത്യവിദ്യാപീഠം, കോട്ടയം

ആഘോഷങ്ങളുടെ ആഘോഷമായ തിരുപിറവിയും പുതുവത്സര പിറവിയും കഴിഞ്ഞാൽ ഇരിങ്ങാലക്കുട രൂപതയിലെ ഇടവക ദേവാലയങ്ങളിൽ അമ്പു പെരുന്നാളിന്റെ ആരവമായി. ആരാധനാ വത്സരത്തിന്റെ ആരംഭത്തിൽ ഉള്ള ആഘോഷങ്ങളിൽ നാം കാത്തു സൂക്ഷിക്കേണ്ട പാവനമായ മൂല്യങ്ങളുണ്ട്. അവ കാത്തു സൂക്ഷിക്കാനും വരും തലമുറയ്ക്ക് കൈമാറാനുമുള്ള അവസരങ്ങളാകണം നമ്മുടെ ആഘോഷങ്ങൾ.

**'തിരു' ആയ നാളാണ് തിരുനാൾ. 'പെരിയ' നാൾ പെരുന്നാൾ.** തിരുനാളുകളെ പെരുന്നാളുകളാക്കാനുള്ള പ്രവണത മനുഷ്യസഹജമാണ്. ഉത്തരാധുനികതയുടെ ചിന്തകളെല്ലാം ആഘോഷ പ്രവണതയുടെതാണ്. അമ്പുപെരുന്നാളാകുമ്പോൾ, അൻപിന്റെ, ദയയുടെ, കാരുണ്യത്തിന്റെ തിരുനാളാണ്. ശരമേറ്റുപിടഞ്ഞ സെബസ്ത്യാനോസ് ദൈവീകമായ അൻപ് മനസ്സിലാക്കിയവനാണ്. നമ്മുടെ പെരുന്നാളുകൾ ദൈവീക അൻപിനെ സമീപസ്ഥരിലേക്ക് ശരമാരിപോലെ ചൊരിയുവാനുള്ള ദിവസങ്ങളാകണം.

നമ്മുടെ ആഘോഷങ്ങൾ എങ്ങനെ തിരുനാളാകും? നാം സ്നേഹിക്കുന്ന, നമ്മെ സ്നേഹിക്കുന്ന ദൈവത്തിന്റെ കാരുണ്യത്തെ ജീവിതത്തിൽ കൊണ്ടും, ജീവിതം കൊണ്ട് കൊടുത്തും ജന്മവഴികളെ അനശ്വരമാക്കിയ വിശുദ്ധ സെബസ്ത്യാനോസിന്റെ പുണ്യ സ്മരണ നമ്മുടെ മനപെരുക്കമാകണം. നമ്മുടെ ഊർജ്ജവും ഉത്സാഹവും ദൈവിക സ്നേഹത്തിന്റെ അലയടികളായി രൂപാന്തരപ്പെടണം. വിശുദ്ധനെക്കുറിച്ചുള്ള ദിവ്യനിനവുകളുടെ മഹാ മൗനങ്ങളും ദൈവിക അൻപിന്റെ ശുദ്ധ നിർജ്ജരികളും ഹൃദയങ്ങളുടെ കുത്തൊഴുക്കാകണം. എന്റെ സമീപസ്ഥരിലേക്ക് ഉറഞ്ഞൊഴുകുന്ന എന്നിലെ കരുണയുടെ, ദയാവായ്പിന്റെ പരിശുദ്ധമായ പ്രവാഹം അവർക്ക് കുളിർമയാകും. പരജീവിതങ്ങൾക്ക് കുളിർമയും ഊഷ്മളതയുമാകുന്നിടത്താണ് വിശുദ്ധി പ്രായോഗികമാകുന്നത്. വിശുദ്ധരുടെ പേരിലുള്ള ആഘോഷങ്ങൾ കാരുണ്യത്തിന്റെ നിലയ്ക്കാത്ത പ്രവാഹങ്ങളാക്കിത്തീർക്കാൻ നാം വിസ്മരിക്കരുത്. വിശുദ്ധരെക്കുറിച്ചുള്ള ഓർമ്മകൾ ക്രിസ്തീയതയുടെ ഓർമ്മനഷ്ടത്തിന്റെ അവസരങ്ങളാകുന്നില്ലേയെന്ന് നാം സന്ദേഹിക്കണം. സന്ദേഹഭരിതമായ ആചരണങ്ങളും ആഘോഷങ്ങളും നിരർത്ഥകതയുടെ

തുടർച്ച (പേജ് 14)

# എന്തു നല്ലമ്മ... എന്നുടെ അമ്മ



## ദൈവമാതാവ്
## MOTHER OF GOD

**സി. ക്രിസറ്റ് FCC, മാപ്രാണം**

നവവത്സരം - ജനുവരി 1 കന്യകാമറിയത്തിന്റെ ദൈവമാതൃത്വ തിരുനാളോടുകൂടിയാണ് ആരംഭിക്കുന്നത്. ദൈവമാതാവിനെ നമ്മുടെ അമ്മയായി കണ്ടുകൊണ്ട് നമുക്ക് ഈ നവവത്സരം ആരംഭിക്കാം. അലക്സാൻട്രിയായിലെ വി. സിറിൽ എഴുതിയിരിക്കുന്നു "യാതൊരു കാരണവശാലും ഏക കർത്താവായ യേശുക്രിസ്തുവിനെ രണ്ടു പുത്രന്മാരായി വേർതിരിക്കാവുന്നതല്ല. മനുഷ്യയാളിനോട് വചനം ചേർന്നുവെന്നല്ല വിശുദ്ധ ഗ്രന്ഥം പറയുന്നത്; പ്രത്യുത വചനം മാംസമായി എന്നാണ്. വചനം മനുഷ്യ ശരീരത്തെ സ്വന്തമാക്കി. പിതാവിൽ നിന്നുള്ള ദൈവത്വത്തെയോ ഉത്ഭവത്തെയോ നഷ്ടപ്പെടുത്താതെ സ്ത്രീയിൽ നിന്നു മനുഷ്യനായി പിറന്നു. വചനം മാംസം ധരിച്ചപ്പോൾ മാംസമായിത്തന്നെയിരുന്നു."

"എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്ത് വരാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെ നിന്ന്?" (ലൂക്കാ 1:43) എന്ന എലിസബത്തിന്റെ ചോദ്യം ദൈവമാതൃസ്ഥാനത്തിന്റെ അംഗീകാരമാണ്.

'ദൈവമാതാവ്'! എത്ര അവർണ്ണനീയമായ ഒരു സ്ഥാനം! സ്വർഗ്ഗത്തേയും ഭൂമിയേയും അതിശയിക്കുന്ന മഹത്വത്തിനും ഉത്ഭവപാപം കൂടാതെയുള്ള ജനനത്തിനും നിദാനം ദൈവമാതൃത്വമാണ്. മറിയം ദൈവമാതാവാണെന്നുള്ള വിശ്വാസസത്യം പ്രഖ്യാപിച്ച എഫേസൂസ് സൂനഹദോസിലെ പിതാക്കന്മാർക്ക് നഗരവാസികൾ വമ്പിച്ച സ്വീകരണമാണ് നൽകിയത്. കന്യകാമറിയത്തിനു ദൈവമാതൃസ്ഥാനം നൽകി മഹത്വപ്പെടുത്തിയ ദൈവത്തിന് നമുക്ക് നന്ദി പറയാം. ഒപ്പം നമ്മുടെ എല്ലാ പ്രിയപ്പെട്ട അമ്മച്ചിമാരേയും ദൈവമാതൃകരങ്ങളിൽ സമർപ്പിക്കാം. പുത്രനായ ദൈവത്തിന് ജന്മം കൊടുത്ത ദൈവമാതാവായ അമ്മേ.... ഈശോയാൽ നിറഞ്ഞ മക്കൾക്ക് ജന്മം കൊടുത്ത ചാരിതാർത്ഥ്യത്താൽ ജീവിതം അനുഗ്രഹീതമാക്കാൻ ഞങ്ങളുടെ എല്ലാ അമ്മമാരേയും അനുഗ്രഹിക്കണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം. മറിയമേ ദൈവമാതാവേ.... അങ്ങ് ഈ നവവത്സരത്തിൽ ഞങ്ങൾക്ക് തുണയും സങ്കേതവുമായിരിക്കണമെ.

**എന്തു നല്ലമ്മ..... എന്നുടെ അമ്മ**

**എനിക്കും ഈശോയ്ക്കും ഒരേ അമ്മ... ഒരേ ഒരമ്മ.**

**തിരുനാൾ - പെരുന്നാൾ** (തുടർച്ച)
വാചാലമായ പ്രഘോഷണങ്ങളായിത്തീരുന്നു. അൻപിനെ കൊണ്ടാടുന്നതാകട്ടെ നമ്മുടെ തിരുനാൾ.

കുടുംബങ്ങളുടെയും നാടിന്റെയും ഒന്നിപ്പിന്റെ സുവർണ്ണവേളയാണ് തിരുനാൾ ദിനങ്ങൾ. മാതാപിതാക്കളും മക്കളും അയൽക്കാരും ബന്ധുക്കളും മിത്രങ്ങളും സന്ധിക്കുന്ന സുവർണ്ണ ദിനങ്ങൾ. അകലങ്ങളിലുണ്ടായിരുന്നവർ നമുക്ക് അടുക്കലെത്തുന്നു. സെബസ്ത്യാനോസിന്റെ അൻപിന്റെ സ്മരണയിൽ അടുത്തുള്ളവർ ഹൃദയമന തലങ്ങളിൽ കൂടുതൽ അടുത്തവരാകുന്നു. അകലങ്ങളുടെ പരിമിതികളെ ജയിക്കാനാണ് തിരുനാൾ നമ്മോടാവശ്യപ്പെടുന്നത്.

ഒരു ദേശത്തിന്റെ ഒരുമയുടെയും പ്രായോഗിക സംഘാതാത്മകതയുടെയും ഇടമാണല്ലോ നമ്മുടെ ദേവാലയം. ദൈവത്തിന്റെ ഏക ജാതനായ ഈശോയുടെ കാരുണ്യത്തെ ആഘോഷിക്കുന്ന വിശുദ്ധബലിയിൽ വ്യക്തിപരമായ സാന്നിദ്ധ്യം ഉറപ്പാക്കുവാൻ തിരുനാൾ ദിനത്തിൽ നാം ദത്തശ്രദ്ധരാകണം. ആഘോഷങ്ങളുടെ ഒരുക്കത്തിന്റെയും മുന്നേറ്റത്തിന്റെയും നടുവിൽ അൻപു നിറഞ്ഞൊരീശോയെ, അമ്പുകളേറ്റ സെബസ്ത്യാനോസിനെ ബലിവേദിയിലല്ലെ കണ്ടെത്തേണ്ടത്? ദൈവജനത്തിന്റെ സിരാകേന്ദ്രം ദേവാലയം. ബലിയർപ്പണം അവന്റെ ഒന്നിപ്പിന്റെ കൂദാശ. വ്യക്തിനന്മയെ സാമൂഹിക നന്മയായി പരിവർത്തിപ്പിക്കുന്ന ഇടമാണ് തിരുനാളിന്റെ ഇടം. നമ്മുടെ തിരുനാൾ വിശുദ്ധ ബലി വേദിയിലാകട്ടെ. ബലിവേദിയിലെ കാരുണ്യത്തിന്റെ പ്രവാഹം നമ്മുടെ കരുത്തുമാകട്ടെ. കരുണകാണിക്കാൻ മറക്കരുതേ.

---

## SPIRIT OF GOD

Spirit of God, rain down
Spirit of God, come down
Spirit of God, come into my heart
Spirit of God, rain down
Let your powers fall on me
Oh spirit of God
Fall fall on me
Spirit fall on me and pray
Rain down, Rain down, Rain down
Oh spirit of God
In my heart so
Spirit of God.......
Amen........ Amen......... Amen.......

**Sona,** VIII. B., Catechism

# വിശുദ്ധരുടെ ജീവിതത്തിലൂടെ...

## വി. സെബാസ്റ്റ്യൻ (ജനുവരി 20)

സി. ഡെൽസ മരിയ FCC, മാപ്രാണം

ക്രിസ്തുമത വിശ്വാസികളെ നിഷ്കരുണം പീഡിപ്പിക്കുന്നതിൽ ആനന്ദം കണ്ടെത്തിയിരുന്ന കാലത്ത്, റോമാ നഗരത്തിലെ ഗോളിൽ നർബോണയിൽ 257 ൽ സെബാസ്റ്റ്യൻ ജനിച്ചു. വിജാതീയ ദേവന്മാരെ ആരാധിക്കുന്നതിലും ധൂപം സമർപ്പിക്കുന്നതിലും അന്ന് റോമാ നഗരം വളരെ പ്രാധാന്യം കൊടുത്തിരുന്നു. ഇങ്ങനെ ദേവന്മാരെ ആരാധിക്കാൻ വിമുഖത കാണിക്കുന്നവരെ ഏതു ക്രൂര വിനോദത്തിനും ഉപയോഗിച്ചിരുന്നു. എന്നാൽ സെബാസ്റ്റ്യനെ അമ്മ ദൈവഭക്തിയിലും ധീരതയിലും വളർത്തി. ജീവൻതന്നെ പണയപ്പെടുത്തേണ്ടി വന്നാലും ക്രിസ്തുവിലുള്ള വിശ്വാസത്തിലാണ് മൂല്യം എന്ന് അമ്മ ചെവിയിൽ ഓതികൊടുത്തു. താമസിയാതെ അനാഥനായി തീർന്ന സെബാസ്റ്റ്യൻ വിശ്വാസത്തിനുവേണ്ടി പീഡിപ്പിക്കപ്പെടുന്നവർക്ക് അത്താണിയായി മാറിക്കൊണ്ടിരുന്നു.

അങ്ങനെയിരിക്കെ സൈനിക സേവനത്തിലേക്ക് ചേരാനായി അദ്ദേഹത്തിന് അവസരം കിട്ടി. സ്വാഭാവികമായി സൈനിക സേവനം അദ്ദേഹത്തിന് അരോചകമായിരുന്നെങ്കിലും ക്രിസ്തീയ വിശ്വാസത്തെ പ്രതി അറസ്റ്റു ചെയ്യപ്പെടുന്നവരെ സഹായിക്കാൻ 283 ൽ സൈന്യത്തിൽ ചേർന്നു. രാജാവിന് ഏറെ പ്രിയങ്കരനായി തീർന്നു സെബാസ്റ്റ്യൻ. ക്രിസ്ത്യാനികൾ എന്ന കാരണത്താൽ മാർക്കസും മർസെല്ലിയും കാരാഗ്രഹത്തിൽ അടയ്ക്കപ്പെട്ടിരുന്നു. ബന്ധുജനങ്ങളുടെ പ്രേരണയാൽ വധശിക്ഷയിൽ നിന്ന് രക്ഷപ്പെടുന്നതിന് അന്യ ദേവന്മാരെ ആരാധിക്കാൻ ഒരുങ്ങിയിരുന്ന ഈ ദമ്പതികളെ സെബാസ്റ്റ്യൻ ജയിലിൽ പോയി ധൈര്യപ്പെടുത്തി. അന്ന് ജയിലിലായിരുന്ന 16 പേരെ അദ്ദേഹം മാനസാന്തരപ്പെടുത്തി. നിക്കോസ്ട്രസിന്റെ ഊമയായ ഭാര്യയെ സുഖപ്പെടുത്തി. ഇക്കാര്യങ്ങളെല്ലാം അറിഞ്ഞ റോമൻ ഗവർണർ ക്രോമേഷ്യസും മകൻ നിബൂർത്തിയും മാനസാന്തരപ്പെട്ട് സെബാസ്റ്റ്യന്റെ കരങ്ങളിൽ നിന്ന് ജ്ഞാനസ്നാനം സ്വീകരിച്ചു.

285 ൽ ഡയോക്ലീഷ്യൻ റോമാ ചക്രവർത്തിയായി. സെബാസ്റ്റ്യന്റെ കർമ്മകുശലതയും തീക്ഷ്ണതയും ബോധ്യപ്പെട്ട രാജാവ് അദ്ദേഹത്തെ അംഗരക്ഷാസൈന്യത്തിലെ ഒരംഗമാക്കി. മൂന്നു വർഷം രാജാവിന്റെ പ്രീതിപാത്രമായി കൊണ്ടുതന്നെ ക്രിസ്ത്യാനികളെ സഹായിച്ചിരുന്നു. അങ്ങനെയിരിക്കെ ടോർക്വാറ്റസ് എന്ന മതത്യാഗി സെബാസ്റ്റ്യനെതിരെ രാജാവിനോടു പരാതിപ്പെട്ടു. ഇതിനിടെ റോമൻ ഗവർണറും മകനും വധിക്കപ്പെട്ടു. ഇതറിഞ്ഞ രാജാവ് സെബാസ്റ്റ്യനോട് ജൂപ്പിറ്റർ ദേവന് ധൂപം സമർപ്പിച്ച് ജീവൻ സംരക്ഷിക്കാൻ ഉപദേശം നൽകിയത് അദ്ദേഹം അവജ്ഞാപൂർവ്വം തിരസ്കരിച്ചു. കോപം പൂണ്ട ചക്രവർത്തി സെബാസ്റ്റ്യനെ തീയിൽ ദഹി

(തുടർച്ച പേജ് 20ൽ)

# വീഞ്ഞു തീർന്നുപോയ വിരുന്ന്

പോളി അരയ്ക്കൽ, മാപ്രാണം

............ മൂന്നാംദിവസം ഗലീലിയിലെ കാനായിൽ ഒരു വിവാഹവിരുന്ന് നടന്നു. യേശുവിന്റെ അമ്മ അവിടെ ഉണ്ടായിരുന്നു. യേശുവും ശിഷ്യന്മാരും വിരുന്നിന് ക്ഷണിക്കപ്പെട്ടിരുന്നു. അവിടെ വീഞ്ഞു തീർന്നുപോയപ്പോൾ യേശുവിന്റെ അമ്മ അവനോടു പറഞ്ഞു. ''അവർക്ക് വീഞ്ഞില്ല''. യേശു അവളോടു പറഞ്ഞു. ''സ്ത്രീയേ, എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും ആയിട്ടില്ല''. അവന്റെ അമ്മ പരിചാരകരോടു പറഞ്ഞു. ''അവൻ നിങ്ങളോടു പറയുന്നത് ചെയ്യുവിൻ''.

യഹൂദരുടെ ശുദ്ധീകരണത്തിനുള്ള വെള്ളം നിറയ്ക്കുന്ന 6 കൽഭരണികൾ അവിടെ ഉണ്ടായിരുന്നു. ഓരോന്നിലും രണ്ടോ മൂന്നോ അളവുകൾ കൊള്ളുമായിരുന്നു. ''ഭരണികളിൽ വെള്ളം നിറയ്ക്കുവിൻ'' എന്ന് യേശു അവരോടു കൽപിച്ചു. അവർ അവയെല്ലാം വക്കോളം നിറച്ചു. 'ഇനി പകർന്ന് കലവറക്കാരന്റെ അടുത്തു കൊണ്ടു ചെല്ലുവിൻ' എന്ന് അവൻ പറഞ്ഞു. അവർ അപ്രകാരം ചെയ്തു. കലവറക്കാരൻ വീഞ്ഞായി മാറിയ വെള്ളം രുചിച്ചു നോക്കി. അത് എവിടെ നിന്നാണെന്ന് അവൻ അറിഞ്ഞില്ല. എന്നാൽ, വെള്ളം കോരിയ പരിചാരകർ അറിഞ്ഞിരുന്നു. അവർ മണവാളനെ വിളിച്ചു പറഞ്ഞു എല്ലാവരും മേൽത്തരം വീഞ്ഞ് ആദ്യം വിളമ്പുന്നു. അതിഥികൾക്ക് ലഹരിപിടിച്ചു കഴിയുമ്പോൾ താഴ്ന്ന തരവും. നീ നല്ല വീഞ്ഞു ഇതുവരെയും സൂക്ഷിച്ചുവച്ചുവല്ലോ. യേശു തന്റെ മഹത്വം വെളിപ്പെടുത്തുന്നതിന് പ്രവർത്തിച്ച അത്ഭുതങ്ങളുടെ ആരംഭമായിരുന്നു അത്. (യോഹന്നാൻ 2:1-11)

യഹൂദന്മാരുടെ വിശേഷാവസരങ്ങളിലെ വിരുന്നുകളിൽ അതീവ പ്രാധാന്യമുള്ളതായി കരുതുന്ന വിശിഷ്ട വിഭവമാണ് വീഞ്ഞ്. ഒരു തരത്തിൽ പറഞ്ഞാൽ ഉള്ളവനും ഇല്ലാത്തവനും സമൂഹത്തിലുള്ള മാന്യതയുടെയും അന്തസ്സിന്റെയും ആഢ്യതയുടേയുമൊക്കെ അളവുകോൽ. അതില്ലാഞ്ഞാലോ, ഇടയ്ക്കുവച്ച് തീർന്നു പോയാലോ ഉണ്ടാകാവുന്ന നഷ്ടബോധവും മാനസിക വൈഷമ്യങ്ങളും തൽക്കാലം നമുക്ക് ഊഹിച്ചെടുക്കാവുന്നതിലും എത്രയോ അപ്പുറമായിരിക്കുമെന്ന് സാരം. അത്തരം ഒരവസ്ഥയിൽ പെട്ടുപോയ ഒരു വിവാഹ വിരുന്നിന്റെ കഥയിലൂടെ ക്ഷണിതാക്കളായി എത്തിയ പരിശുദ്ധ അമ്മയും യേശുവും ശിഷ്യന്മാരും പലതും നമ്മെ പഠിപ്പിക്കുന്നു, പരസ്നേഹത്തിന്റെ പുതിയൊരു മാനം നമുക്കു കാണിച്ചുതരുന്നു.

തന്റെ സമയം ഇനിയും ആയിട്ടില്ലായെന്ന് പരിശുദ്ധ അമ്മയ്ക്കു അറിയാതിരിക്കാൻ വഴിയില്ലല്ലോ. എന്നിട്ടുപോലും, അവർക്കു വീഞ്ഞില്ല എന്ന പരിമിത വാക്കുകളിലൂടെ അതിശക്തവും സുദൃഢവുമായ മാധ്യസ്ഥം വഴി ആ കുടുംബത്തെ രക്ഷിക്കാനൊരുങ്ങിയ പരിശുദ്ധ അമ്മയുടെ വാക്കുകൾ ഇനിയും സമയമായില്ലായെന്നു പറഞ്ഞ ആ മകൻ അതേപടി അനു

സരിക്കുകയായിരുന്നു; ഒരത്ഭുതം പ്രവർത്തിച്ചുകൊണ്ടുതന്നെ! ആപത്തിൽ സഹായ ഹസ്തങ്ങൾ നീട്ടാൻ സമയ കാലപരിധികൾ തടസ്സമായി തീർന്നുകൂടാ എന്ന സന്ദേശം വ്യക്തമായി നമുക്കു നൽകുകയായിരുന്നു, പിൽക്കാലത്തു തന്നെപ്പോലെ തന്റെ അയൽക്കാരനെയും സ്നേഹിക്കാനാവശ്യപ്പെടുന്ന യേശുവും പ്രിയ മാതാവ് മറിയവും. ദൈവിക ഭാവം തന്നെയായ മാതൃ സ്നേഹത്തിന്റെ അത്യുജ്ജ്വലമായ തീക്ഷ്ണതയും പ്രതി പ്രകാശനവും, ദൈവസുതനായ യേശുവിന്റെ പകരം വയ്ക്കാനില്ലാത്ത പരസ്നേഹം തുടിയ്ക്കുന്ന കരുതലും, പ്രതിബന്ധങ്ങൾക്കും യുക്തി സഹമായ ചിന്തകൾക്കും അതീതമായ ആത്മവിശ്വാസത്തിൽ നിന്നും ഉളവാകുന്ന സ്നേഹാധികാരം വഴി പരിശുദ്ധ അമ്മ നമ്മെ ഏന്നേക്കും ഓർമ്മപ്പെടുത്തുന്നു - ബോധ്യപ്പെടുത്തുന്നു.

വിവാഹം പവിത്രമായ ജീവിതത്തിനും, കുടുംബങ്ങൾ തമ്മിലുള്ള സ്നേഹാധിഷ്ഠിതമായ ഐക്യത്തിനും സമുന്നതമായ ആരംഭം കുറിയ്ക്കുന്ന ദൈവഹിതത്തിന്റെ സുനിശ്ചിതമായ പൂർത്തീകരണമാണ്. നമുക്കുമുമ്പേ, ലോകാരംഭത്തിനും മുമ്പേ ദൈവം തമ്പുരാൻ ചേർത്തുവച്ച തന്റെ അപരിമേയ സ്നേഹത്തിന്റെ പരസ്പര പൂരകങ്ങളായി ഭവിയ്ക്കുന്ന ഭാവങ്ങളുടെ, ജീവിതാവസ്ഥയുടെ അന്യൂനമായ ഒത്തുചേരൽ! അതിലൂടെ ഈ പ്രപഞ്ചത്തിന്റേത്തന്നെ വളർച്ചയിലേയ്ക്ക് നമ്മെ മാനവരാശിയുടെ അവകാശികളായി പങ്കുചേർക്കുന്ന ദൈവ പിതാവിന്റെ നിത്യനൂതനമായ പദ്ധതി. അതിന് അവിടുന്ന് നൽകുന്ന പ്രാധാന്യത്തിന് മകുടം ചൂടുന്ന ഉദാഹരണമാണ് കാനായിലെ വിവാഹവിരുന്നിലെ യേശു സാന്നിധ്യവും അവിടെ നടന്ന വെള്ളം വീഞ്ഞാക്കി തീർത്ത അത്ഭുതവും.

ഏതവസ്ഥയിലും സാഹചര്യത്തിലും തുണയും പര്യാപ്തവുമായ ആശ്രയ സങ്കേതം ഉണ്ടെന്ന് യേശുവും പരിശുദ്ധ അമ്മയും നമുക്ക് കാണിച്ചു തരുന്നു. ജീവിത വിരുന്ന് ആസ്വദിക്കുന്ന, ആസ്വദിക്കാനൊരുങ്ങുന്ന ഏതൊരാളും എപ്പോഴും ദൈവവുമായുള്ള നിരന്തര സാമീപ്യത്തിലും സമ്പർക്കത്തിലും, ആയിരിക്കുന്ന ഭൗതിക സാഹചര്യങ്ങളിലും വേണ്ടത്ര ഒരുങ്ങിയിരിക്കേണ്ടതുണ്ട്. വ്യക്തി ജീവിതത്തിൽ, കുടുംബബന്ധങ്ങളിൽ, സമൂഹ സമ്പർക്കങ്ങളിൽ പലപ്പോഴും സാഹചര്യങ്ങൾക്കനുസൃതമായി സൗഹൃദത്തിന്റെ, കൂട്ടായ്മയുടെ വിരുന്നൊരുക്കേണ്ടവരായി മാറുമ്പോൾ അവശ്യം വേണ്ട വീഞ്ഞ് - സ്നേഹത്തിന്റെയും ക്ഷമയുടെയും മധുരം കിനിയുന്ന വീഞ്ഞ് - കരുതി വയ്ക്കാനുള്ള ആഹ്വാനമാണ് തമ്പുരാനിവിടെ നൽകുന്നത്; ഇല്ലാതെ വരുകയോ, ഇടയ്ക്ക് തീർന്നുപോകാൻ ഇടയാവുകയോ ചെയ്യാതെ, കാനായിലെ വിവാഹ വിരുന്ന് നൽകുന്ന അടിസ്ഥാനപരമായ ചിന്തയും അതാണ്. വീഞ്ഞ് അതിന്റെ അതിമനോഹരമായ ദൃഷ്ടാന്തമായി ഭവിക്കുന്നു എന്നുമാത്രം. ഇവിടെ ജീവിതത്തിലെ ഈ കരുതലും സൂക്ഷ്മതയും നഷ്ടപ്പെട്ടാൽ ഒരു പക്ഷേ, മണവാളനെ കാത്തിരുന്ന് വിളക്കിൽ എണ്ണ തീർന്നുപോയ കന്യകമാരുടെ കഥയുടെ ആവർത്തനം നമുക്കും വന്നു ഭവിച്ചേക്കാം.

ഇവിടെ ശ്രദ്ധിക്കാവുന്ന ഒന്നുരണ്ടു കാര്യങ്ങൾ ഉണ്ടെന്ന് കരുതുന്നു. ഒന്നാമത്തേത് വിരുന്നിന് മുൻകൂട്ടിത്തന്നെ പരിശുദ്ധ അമ്മ എത്തിയിരുന്നു എന്നുള്ളത്. എല്ലായ്പ്പോഴും തന്റെ സഹായം ആവശ്യമായി വരുന്നവർക്കായി കാത്തിരിക്കുന്ന, സ്നേഹം നിറഞ്ഞ അമ്മയായി, സഹചാരിണിയായി നമുക്കൊപ്പമുള്ള അല്ലെങ്കിൽ അങ്ങനെയാകാൻ ആഗ്രഹിക്കുന്ന നല്ലോരമ്മ! രണ്ടാമത് ഈശോയുടെ കല്പനയനുസരിച്ച് വെള്ളം നിറച്ച കൽഭരണികൾ പുറത്തെ ഉപയോഗത്തിനുള്ളതാണ് എന്നതാണ്. സാധാരണ ഗതിയിൽ ആരും ഇത്തരം ആവശ്യങ്ങൾക്ക് അവ ഉപയോഗിക്കില്ലല്ലോ. അരുതാത്ത സാഹചര്യങ്ങൾപ്പോലും അത്യന്തം പ്രയോജനകരമായ നന്മക്കായി ഉപയോഗപ്പെടുത്തുന്ന ദൈവകൃപ ഇവിടെ വെളിവാകുന്നു.

യേശു പ്രവർത്തിച്ച ആദ്യത്തെ അത്ഭുത കൃത്യമായിട്ടാണ് സുവിശേഷകർ ഇക്കാര്യം പരാമർശിക്കുന്നത്. യേശു പ്രവർത്തിച്ച ആദ്യത്തെ അത്ഭുതം എന്നതിനേക്കാൾ രേഖപ്പെടുത്തപ്പെട്ട ആദ്യത്തെ അത്ഭുതം എന്നതാവും കൂടുതൽ ശരി. യേശു ദൈവവും ദൈവസുതനുമാകയാൽ അതിനായിരിക്കും കൂടുതൽ സാധ്യത എന്നു വിശ്വസിക്കാനാണ് ഇഷ്ടം. എന്തായാലും അത് വെറും ഒരു വിശ്വാസമായിത്തന്നെ കാണുന്നതായിരിക്കും നല്ലത്. അതിനപ്പുറത്തേക്ക് അംഗീകാരമില്ലാത്തതായ അനുമാനങ്ങൾക്കും ചിന്തകൾക്കും പ്രസക്തിയില്ലല്ലോ.

സഹൃദയരായ എല്ലാ വായനക്കാർക്കും ഹോളിവോയ്സിന്റെ അഭ്യുദയകാംക്ഷികൾക്കും ഹൃദ്യമായ പുതുവത്സരത്തിന്റെ ശുഭാശംസകൾ!

---

**വിശുദ്ധരുടെ ജീവിതത്തിലൂടെ (തുടർച്ച)**

പ്പിക്കുമെന്ന് ഭീഷണിപ്പെടുത്തിയപ്പോൾ അദ്ദേഹം പറഞ്ഞത് ഈശോയോടുള്ള സ്നേഹത്തെപ്രതി തീക്കനലിൽക്കൂടി നടക്കുന്നത് റോസാപുമെത്തയിൽ കൂടി നടക്കുന്നതുപോലെയാണെന്നാണ്. കോപാക്രാന്തനായ ചക്രവർത്തി സെബാസ്റ്റ്യനെ അമ്പെയ്തു കൊല്ലാൻ ആജ്ഞാപിച്ചു.

ഘാതകർ സെബാസ്റ്റ്യനെ ഒരു മരത്തിൽ വരിഞ്ഞുകെട്ടി അമ്പെയ്തു. മരിച്ചെന്നു കരുതി ആരാച്ചാരന്മാർ സ്ഥലം വിട്ടപ്പോൾ ഐറീൻ എന്ന ഒരു ഭക്ത സ്ത്രീ ചെന്ന് സെബാസ്റ്റ്യനെ ശുശ്രൂഷിച്ചു സുഖപ്പെടുത്തി. സെബാസ്റ്റ്യൻ മരിച്ചില്ലെന്ന് അറിഞ്ഞ ചക്രവർത്തി ആജ്ഞാപിച്ചു. "ഇനിയും ആ നീചൻ ജീവിച്ചിരിക്കാൻ പാടില്ല. ഇരുമ്പുവടികൊണ്ട് അവനെ അടിച്ചുകൊല്ലുക" അങ്ങനെ സെബാസ്റ്റ്യൻ രക്തസാക്ഷിത്വമകുടം ചൂടി.

സൈനികസേവനം ഭക്തജീവിതത്തിന് അത്ര സഹായകമല്ല എന്നറിഞ്ഞിട്ടും ക്രിസ്തുനാഥനെ സേവിക്കാനും ക്രിസ്തുവിനുവേണ്ടി രക്തം ചിന്താനും അദ്ദേഹം തയ്യാറായി. ഈ ചൈതന്യം നമുക്കു പ്രചോദനമാകട്ടെ. മരണംവരെ ക്രിസ്തു വിശ്വാസത്തിൽ വിശ്വസ്തരാകാൻ നമുക്ക് കഴിയട്ടെ. ഏതു പ്രതിസന്ധിയിലും തളരാത്ത വിശ്വാസം നമുക്ക് കാത്തുസൂക്ഷിക്കാം.

# സഭാവാർത്തകൾ

**സി. ഡെൽസ മരിയ FCC, മാപ്രാണം**

**1. പൗരസ്ത്യസഭാ തലവന്മാരുമായി കൂടിക്കാഴ്ച :**

പൗരസ്ത്യസഭാ തലവന്മാരുമായി ഫ്രാൻസിസ് മാർപാപ്പ പശ്ചിമേഷ്യൻ പ്രശ്നങ്ങൾ ചർച്ച ചെയ്തു. പുരാതന ക്രിസ്തീയ കേന്ദ്രങ്ങളായിരുന്നു പശ്ചിമേഷ്യൻ രാജ്യങ്ങൾ. ക്രൈസ്തവരില്ലാത്ത പശ്ചിമേഷ്യയെക്കുറിച്ച് കത്തോലിക്കാസഭയ്ക്ക് ചിന്തിക്കാനാവില്ലെന്ന് മാർപാപ്പ വ്യക്തമാക്കി. പശ്ചിമേഷ്യയിൽ അസ്വസ്ഥത പടരുന്ന പ്രദേശങ്ങളിൽ നിന്ന് ക്രൈസ്തവ വിശ്വാസികൾ പലായനം ചെയ്യേണ്ടി വരുന്നുണ്ട്. ഇത്തരുണത്തിൽ സിറിയ, ഇറാഖ്, ഈജിപ്ത് എന്നിവിടങ്ങളിലെ പാത്രീയർക്കീസുമാരും സീറോ മലബാർസഭ മേജർ ആർച്ചു ബിഷപ്പ് മാർ ജോർജ് ആലഞ്ചേരിയും മലങ്കര കത്തോലിക്ക സഭ മേജർ ആർച്ചുബിഷപ്പ് മാർ ബസേലിയോസ് ക്ലീമിസ് കത്തോലിക്കാബാവയും മാർപാപ്പ വിളിച്ചുകൂട്ടിയ പ്രത്യേക യോഗത്തിൽ പങ്കെടുത്തു.

**2. സീറോ മലബാർ സിനഡ് ജനുവരിയിൽ :**

സീറോ മലബാർസഭയുടെ അടുത്ത സിനഡ് ജനുവരി 7 മുതൽ 11 വരെ തിയ്യതികളിൽ സഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടക്കും.

**3. സീറോ മലബാർ കുർബ്ബാനയ്ക്ക് പ്രഘോഷണ ഗ്രന്ഥങ്ങൾ :**

സീറോ മലബാർ കുർബ്ബാനയുടെ വചനശുശ്രൂഷയിലെ വിശുദ്ധ ഗ്രന്ഥ വായനകൾക്കു വേണ്ടിയുള്ള പ്രഘോഷണ ഗ്രന്ഥങ്ങൾ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രകാശനം ചെയ്തു. ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ ചെയർമാനും ലിറ്റർജി കമ്മീഷൻ അംഗവുമായ മാർ പോളി കണ്ണൂക്കാടൻ ആദ്യപ്രതി ഏറ്റുവാങ്ങി. പുതിയ ആരാധന വത്സരം തുടങ്ങിയ ഡിസംബർ 1 മുതൽ ഈ പ്രഘോഷണ ഗ്രന്ഥങ്ങൾ സീറോ മലബാർ സഭയിൽ പ്രാബല്യത്തിൽ വരുമെന്ന് മേജർ ആർച്ചു ബിഷപ്പ് തദവസരത്തിൽ അറിയിച്ചു.

**4. ക്ലാരിസ്റ്റ് സമൂഹം ശതോത്തര രജതജൂബിലി നിറവിൽ :**

1875 ൽ എടത്വായിൽ പുത്തൻ പറമ്പിൽ തൊമ്മച്ചൻ ആരംഭം കുറിച്ച ഫ്രാൻസിസ്കൻ മൂന്നാം സഭാ യൂണിറ്റിൽപെട്ട എട്ട് ഭക്ത സ്ത്രീകൾ ബിഷപ്പ് ചാൾസ് ലവീഞ്ഞ് പിതാവിൽ നിന്ന് സഭാവസ്ത്രം സ്വീകരിച്ചതോടെയാണ് 1888 ഡിസംബർ 14ന് ചങ്ങനാശ്ശേരി ആസ്ഥാനമാക്കി ഫ്രാൻസിസ്കൻ ക്ലാര സഭ രൂപംകൊണ്ടത്. അസീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെയും വി. ക്ലാരയുടെയും ആത്മീയ ദർശനമാണ് അടിസ്ഥാനം. അവിഭക്ത തൃശ്ശൂർ രൂപതയിലെ മാപ്രാണം ഇടവകയുടെ പരിധിയിൽ കരുവന്നൂർ പ്രദേശത്ത് 1910ൽ

(തുടർച്ച പേജ് 28ൽ)

# പിന്നിട്ട ലോകം

ജെസ്റ്റോ മാമ്പിള്ളി

- മുഖ്യ വിവരാവകാശ കമ്മീഷണറായി സുഷമ സിങ് ചുമതലയേറ്റു. ഈ സ്ഥാനത്തെത്തുന്ന 2-ാമത്തെ വനിതയാണ് അവർ.
- ഐക്യരാഷ്ട്രസംഘടനയുടെ ഈ വർഷത്തെ മനുഷ്യാവകാശ അവാർഡ് മലാല യൂസഫ്സായിക്ക്. മനുഷ്യാവകാശസംരക്ഷണത്തിനായി പോരാടുന്നവർക്കുള്ള അംഗീകാരമാണ് ഈ പുരസ്കാരം.
- ചൈനയുടെ പര്യവേഷണ വാഹനമായ ചാങ് -3 ചന്ദ്രനിലിറങ്ങി. ഈ ദൗത്യം വിജയിപ്പിച്ച 3-ാമത്തെ രാജ്യവും കഴിഞ്ഞ 40 വർഷത്തിനിടയിലെ ആദ്യരാജ്യവുമാണ് ചൈന.
- ഫെഡറൽ ബാങ്കിന്റെ ചരിത്രത്തിലെ ആദ്യ വനിതാ ഡയറക്ടറായി ഗ്രേസ് എലിസബത്ത് കോശി ചുമതലയേറ്റു.
- പരിണാമ സിദ്ധാന്തത്തിന്റെ പിതാവ് ചാൾസ് ഡാർവിന്റെ പേരിൽ അറിയപ്പെടുന്ന 'ഡാർവിൻ തവള'യ്ക്കു വംശനാശം. 1834ൽ ചിലിയിൽ വച്ചാണ് ഈ തവളയെ കണ്ടെത്തിയത്.
- മക്കാവു ഓപ്പൺ ബാഡ്മിന്റൺ കിരീടം പി.വി. സിന്ധുവിന്.
- ലോകത്തിലെ ആദ്യ പരിസ്ഥിതി സൗഹൃദ ഹെലികോപ്ടർ "വാളോകോപ്ടർ" ജർമ്മനിയിലെ കാൾസ്റുഹെയിൽ വിജയകരമായി പരീക്ഷണ പറക്കൽ നടത്തി.
- ചെന്നൈ മാരത്തണിൽ ഉഗാണ്ട സ്വദേശി ഇസ്മയിൽ സെന്യങ് 2 മണിക്കൂർ 32 മനിറ്റ് 21 സെക്കന്റിൽ ചാംപ്യനായി
- ഡിസംബറിൽ യു.എ.ഇയിൽ ആരംഭിക്കുന്ന അണ്ടർ 19 ഏഷ്യകപ്പിനുള്ള ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ വൈസ് ക്യാപ്റ്റനായി മലയാളി താരം സഞ്ജു വി. സാംസനെ തിരഞ്ഞെടുത്തു.
- നോർവെയുടെ മാഗ്നസ് കാൾസൻ 20-ാം ലോക ചെസ് ചാംപ്യൻ.
- ഭാരതരത്ന അവാർഡിനു പിന്നാലെ പ്രമുഖ ശാസ്ത്രജ്ഞൻ പ്രൊഫ. സി.എൻ.ആർ. റാവുവിനു ചൈനീസ് അക്കാദമി ഓഫ് സയൻസിൽ വിശിഷ്ടാംഗത്വവും. ഈ അംഗീകാരം ലഭിക്കുന്ന ആദ്യ ഇന്ത്യൻ ശാസ്ത്രജ്ഞനാണ് ഇദ്ദേഹം.
- നിയമ കമ്മീഷൻ ചെയർമാനായി ഡൽഹി ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് അജിത് പ്രകാശ് അധികാരമേറ്റു.
- സംസ്ഥാന സ്കൂൾ കായികമേളയിലെ ഏറ്റവും മികച്ച താരങ്ങളായി പി.യു. ചിത്ര, എം.എൻ. നസിമുദ്ദീൻ എന്നിവരെ തിരഞ്ഞെടുത്തു.
- ചേറ്റൂർ ശങ്കരൻ നായർ കൾച്ചറൽ ട്രസ്റ്റിന്റെ കെ.പി.എസ്. മേനോൻ മെമ്മോറിയൽ അവാർഡ് എം.ടി. വാസുദേവൻ നായർക്ക്.
- ഈ വർഷത്തെ കേന്ദ്ര സംഗീത നാടക അക്കാദമി അവാർഡ് നേടിയ

വർ : നാഗസ്വരം – തിരുവിഴ ജയശങ്കരൻ, മൃദംഗം – തൃച്ചി ശങ്കരൻ, ഭരതനാട്യം – ജമുന കൃഷ്ണൻ, കഥകളി – കലാമണ്ഡലം എൻ.പി.എസ്. നമ്പൂതിരി.

- അധ്യാപന പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പിനും നിലവാരം നിയന്ത്രിക്കുന്നതിനും സ്ഥാപിക്കപ്പെട്ട നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യുക്കേഷൻ ചെയർമാനായി സന്തോഷ് പാണ്ഡ നിയമിതനായി.
- ലോക സ്കൂൾ ഒളിംപ്യാഡിൽ 1500 മീറ്ററിൽ വെങ്കലം നേടി ലേഖ ഉണ്ണി ചരിത്രത്തിൽ സ്ഥാനം പിടിച്ചു. 4 മിനിറ്റും 58.23 സെക്കന്റുമെടുത്താണ് 3–ാം സ്ഥാനം നേടിയത്.

## സഭാവാർത്തകൾ (തുടർച്ച)

സെന്റ് ജോസഫ്സ് കോൺവെന്റ് എന്ന പ്രഥമ ഭവനം ആരംഭിച്ചു. വിവിധ രൂപതകളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ക്ലാരസഭയുടെ കേരളാടിസ്ഥാനത്തിലുള്ള സംയോജനം നടന്നത് 1970ലാണ്. 1973 മാർച്ച് 1–ാം തിയ്യതിയാണ് പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തപ്പെട്ടത്. ആഗോള വ്യാപകമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ക്ലാരസഭയ്ക്ക് ഇപ്പോൾ 7000ത്തോളം അംഗങ്ങളുണ്ട്.

**5. പുതിയ കർദ്ദിനാൾമാർ ഫെബ്രുവരിയിൽ :**

2014 ഫെബ്രുവരി 22ന് ഫ്രാൻസിസ് പാപ്പ പുതിയ കർദ്ദിനാൾമാരെ നിയമിക്കുമെന്ന് വത്തിക്കാൻ വക്താവ് ഫാ. ഫെഡറിക്കോ ലൊംബാർഡി അറിയിച്ചു.

**6. ശ്രീമതി മേഴ്സി ലോഗോസ് പ്രതിഭ :**

ഈ വർഷത്തെ ലോഗോസ് പ്രതിഭയായി ചാലക്കുടി ഫൊറോനാ പള്ളിയിലെ ശ്രീമതി മേഴ്സി അർഹയായി.


# മരണശേഷവും നീളുന്ന ജീവൻ

നിങ്ങളുടെ അവയവങ്ങൾ മണ്ണിനൊ മനുഷ്യനോ?
രോഗാവസ്ഥയിൽ നിങ്ങളുടെ ജീവൻ രക്ഷിക്കുവാനായി അപരന്റെ
അവയവങ്ങൾ സ്വീകരിക്കുവാൻ നിങ്ങൾ തയ്യാറാണോ?
എങ്കിൽ മരണാനന്തരം, അവയവദാനം ചെയ്യാൻ നിങ്ങൾക്ക് ധാർമ്മിക ബാധ്യതയുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക :
ഫാ.ഡേവീസ് ചിറമ്മൽ – 9846236342, 9287346021
ജോസ് ജെ.ചിറ്റിലപ്പിള്ളി – 9387432008

**രക്തദാനം.... ജീവദാനം.... നമുക്കും പങ്കാളികളാകാം.**

# ജാലകത്തിലൂടെ...

ജെസ്റ്റിൻ ജോസ് എം.

ജനന രജിസ്ട്രേഷനുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നു നമുക്കു നോക്കാം. ജനന രജിസ്ട്രേഷൻ ജനന ദിവസം മുതൽ 21 ദിവസത്തിനുള്ളിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. നിശ്ചിത ദിവസം കഴിഞ്ഞാൽ സംഭവ ദിവസം മുതൽ 30 ദിവസം വരെ 2 രൂപ പിഴയൊടുക്കിയും, ഒരു വർഷം വരെ പഞ്ചായത്തുകളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെയും മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറിയുടെയും അനുവാദത്തോടുകൂടി 5 രൂപ പിഴയൊടുക്കിയും അതിനുശേഷം ബന്ധപ്പെട്ട സബ്ബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ (ആർ.ഡി.ഒ.) അനുവാദത്തോടെ 10 രൂപ പിഴയൊടുക്കിയും രജിസ്റ്റർ ചെയ്യാവുന്നതാണ്. കുട്ടിയുടെ പേരു ചേർക്കാതെയാണ് രജിസ്റ്റർ ചെയ്തതെങ്കിൽ ഒരു വർഷംവരെ സൗജന്യമായും അതിനുശേഷം 5 രൂപ ലേറ്റ് ഫീ നൽകിയും പേരു ചേർക്കാവുന്നതാണ്.

1970 ഏപ്രിൽ ഒന്നാം തിയ്യതിയ്ക്കു മുമ്പുള്ള രജിസ്ട്രേഷൻ നടത്തുന്നതിന് ചീഫ് രജിസ്ട്രാറുടെ അനുമതി ആവശ്യമാണ്. താഴെ പറയുന്ന രേഖകൾക്കൊപ്പം അപേക്ഷകൾ അതാത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നൽകാവുന്നതാണ്.

1. ചീഫ് രജിസ്ട്രാർക്ക് 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് തയ്യാറാക്കിയ അപേക്ഷ
2. രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ ജനന രജിസ്ട്രേഷന്റെ ശരിപകർപ്പ്
3. സ്കൂൾ രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
4. പ്രസ്തുത വ്യക്തിയുടെ മാതാപിതാക്കൾക്ക് ജനിച്ചിട്ടുള്ള എല്ലാ കുട്ടികളുടെയും പേര്, ജനന തിയ്യതി, ജനന ക്രമം, ജീവിച്ചിരിക്കുന്ന ആളാണോ തുടങ്ങിയ കാര്യങ്ങൾ വ്യക്തമാക്കികൊണ്ട് നിശ്ചിത ഫോറത്തിലുള്ള സത്യവാങ്മൂലം.
5. രജിസ്ട്രാറുടെ വിശദമായ അന്വേഷണ റിപ്പോർട്ടും ശുപാർശയും

30 ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യാൻ കഴിയാതിരുന്ന ജനനം രജിസ്റ്റർ ചെയ്യുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറി മുഖേന 5 രൂപ കോർട്ട് ഫീ സ്റ്റാമ്പും 5 രൂപ ലേറ്റ് ഫീയും അടച്ച് താഴെ കൊടുത്തിരിക്കുന്ന രേഖകൾ സഹിതം അപേക്ഷ സമർപ്പിയ്ക്കുക.

1. ജനന റിപ്പോർട്ട്, 2. ഗസറ്റഡ് ഓഫീസർ/ നോട്ടറി പബ്ലിക് മുമ്പാകെ ഒപ്പിട്ട് സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം, 3. ജനന സമയത്തെ മേൽവിലാസം തെളിയിയ്ക്കുന്ന രേഖ, 4. യഥാസമയം രജിസ്റ്റർ ചെയ്യാതിരുന്നതിനു കാരണം ബോധിപ്പിച്ചുകൊണ്ടും പുതുതായി രജിസ്റ്റർ

ചെയ്യാൻ അനുമതി തേടികൊണ്ടുമുള്ള കത്ത്, 5. നോൺ അവൈയിബിലിറ്റി സർട്ടിഫിക്കേറ്റ്

ആശുപത്രികളിൽ വച്ചുനടന്ന ജനനം ആശുപത്രി അധികൃതർ രജിസ്റ്റർ ചെയ്യുന്നതാണ്. പിന്നീട് 21 ദിവസത്തിനകം 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് 10 രൂപയുടെ മുദ്രപത്രത്തോടെയുള്ള അപേക്ഷ സമർപ്പിച്ചാൽ ജനന സർട്ടിഫിക്കറ്റ് ലഭിയ്ക്കുന്നതാണ്. പുതിയ ഒരു അറിവിനെ ചൂണ്ടിക്കാട്ടി കൊണ്ട് അടുത്ത ലക്കത്തിൽ ജാലകത്തിലൂടെ നമുക്ക് വീണ്ടും കണ്ടുമുട്ടാം.

# വിവാഹം

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | വരനും വധുവും | തീയതി |
|---|---|---|---|---|
| മാപ്രാണം<br>മുംബൈ | കിഴക്കിനിയേടത്ത്<br>വാസ് | ജോസ്+ലില്ലി<br>ആൻഡ്രൂസ്+സഹായറാണി | രഞ്ചി<br>മെറിൻ | 14 - 11 - 2013 |
| പുറനാട്ടുകര<br>മാപ്രാണം | ചെരിക്കൽ<br>മംഗലത്ത് | മാർട്ടിൻ+ഗ്രേയ്സി<br>ജോസ്+പുഷ്പ | ലെനിന<br>സരിൻ | 24 - 11 - 2013 |

# മാമ്മോദീസ

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | ശിശുവിന്റെ പേര് | ജനനം | മാമ്മോദീസ |
|---|---|---|---|---|---|
| മാപ്രാണം | ചെങ്ങാലൂക്കാരൻ | ജോസ്+രാജി | ഏദൻ (ജോർജ്ജ്) | 07 - 09 - 2013 | 16 - 11 - 2013 |
| മാപ്രാണം | ബ്രഹ്മകുളം | ജീസൻ+മേരി ബിന്ദു | ജോവൽ (ജോസഫ്) | 26 - 08 - 2013 | 24 - 11 - 2013 |
| മാപ്രാണം | പൊന്തോക്കൻ | ജീസൻ+റെസി | എൽന (ലിസി) | 17 - 06 - 2013 | 03 - 11 - 2013 |
| ശാന്തിപുരം<br>(മേലൂർ) | മങ്കിടിയാൻ | പ്രീനു+ജോഫീന | അന്ന റോസ്<br>(ഫിലോമിന) | 04 - 07 - 2013 | 23 - 11 - 2013 |
| ചിയ്യാരം | ആറുകണ്ടത്തിൽ | ബാബു+റീന | ബെവിറ്റ മരിയ (മേരി) | 16 - 08 - 2013 | 24 - 11 - 2013 |
| ഒല്ലൂർ | തെറ്റയിൽ | ആൽബർട്ട്+ജോഫിയ | ആരോൺ (ജോസ്) | 13 - 08 - 2013 | 30 - 11 - 2013 |

# മരണം

| പേര് | തീയതി | യൂണിറ്റ് |
|---|---|---|
| ചക്കാലമറ്റത്ത് പൊന്തോക്കൻ ഔസേപ്പ് ആന്റണി | 27 - 11 - 2013 | സെന്റ് ജോസഫ്സ് |


24-12-2013 ക്രിസ്തുമസ് ട്രീ മത്സരം


24-12-2013
ക്രിസ്തുമസ് ട്രീ മത്സരം

ബാലപംക്തി

# തളരാത്ത മനസ്സുമായ്

ക്രിസ്റ്റിപോളി ആഴ്ചങ്ങാടൻ

കൊച്ചു കൂട്ടുകാരേ,

ഹിമാലയ പർവ്വതം കീഴടക്കാൻ ശ്രമിച്ച് പലവട്ടം പരാജയപ്പെട്ട ഹിലാരിയെ അറിയില്ലേ? ഓരോ പരാജയത്തിലും ഹിമാലയത്തെ നോക്കി ഹിലാരി പറഞ്ഞു. ''ഹിമാലയമേ, ഇന്ന് നീയെന്നെ തോൽപിച്ചു; നാളെ ഞാൻ തിരിച്ചുവന്ന് നിന്നെ തോൽപിക്കും''. തളരാത്ത മനസ്സോടെ ഹിലാരി ഹിമാലയം കീഴടക്കി. പ്രശ്നങ്ങളുടെയും പ്രയാസങ്ങളുടെയും കൊടുങ്കാറ്റിലും പേമാരിയിലും മനസ് തളരരുത്. **''എല്ലാം ദൈവത്തിലാശ്രയിച്ചാണെന്ന് കരുതി പ്രാർത്ഥിക്കുക, എല്ലാം നിങ്ങളിലാശ്രയിച്ചാണെന്ന് കരുതി പ്രവർത്തിക്കുക''.** ജോർജ്ജ് വാഷിങ്ടൺ കാർവാറിന്റെ ഈ വാക്കുകൾ പ്രശസ്തമാണ്. പുതിയൊരു വർഷം ദൈവം നമുക്കായി കരുതിവച്ച് തുറന്ന് തന്നിരിക്കുകയാണ്. ഈ പുതുവർഷത്തിൽ ഒത്തിരി നല്ല തീരുമാനങ്ങൾ നിങ്ങൾ എടുക്കണം. അവ നല്ല മനസ്സോടെ പ്രാവർത്തികമാക്കുകയും വേണം. സ്ഥിരോത്സാഹിയായ മനസ്സിനേ, കൂടുതൽ മെച്ചപ്പെട്ടതാകാൻ സാധിക്കൂ. നമ്മുടെ കഴിവുകൾ തേച്ചുമിനുക്കി വലിയ നേട്ടങ്ങൾ കൊയ്തെടുക്കുവാൻ ഇനിയുള്ള ഓരോ ദിനങ്ങളിലും നിങ്ങൾക്കു കഴിയട്ടെ എന്ന് ആശംസിക്കുന്നു.

കവിത

# ധാർമ്മികത

എന്താണു ധാർമ്മികത!
കൂടെക്കളിച്ചു വളർന്ന ചോരയെ
സ്വത്ത് കലാപത്തിൽ തീർക്കുന്നതോ?
കാമഭ്രാന്തിൽ, വളർത്തിവലുതാക്കിയ
മകളെ ഇരയാക്കുന്നതോ?
നാണക്കേടിൻ പുറത്ത്, പെറ്റമ്മയെ
വൃദ്ധസദനത്തിലേയ്ക്കു തട്ടുന്നതോ?
ക്രൂരസുഖത്തിലേക്ക് സ്വന്തം കുഞ്ഞിനെ വലിച്ചിഴയ്ക്കുന്നതോ?
അതോ?
വികസനത്തിൻ ഫലം ഒന്നുമില്ലാത്തവർക്ക്
അടിമത്തം പ്രദാനം ചെയ്യുന്നതോ?
എവിടെ? എവിടെ ധാർമ്മികത?

**- റെയ്ച്ചൽ റോക്കി മച്ചിങ്ങൽ,**
സെന്റ് ജോസഫ് യൂണിറ്റ്, Std XII

# മതബോധനം

**മതബോധന ദിനാഘോഷം :**

ഈ അദ്ധ്യയന വർഷത്തിലെ മതബോധനദിനം ഡിസംബർ 1-ാം തിയ്യതി ആഘോഷിച്ചു. അന്ന് 4 മണിക്ക് ദിവ്യബലിയെ തുടർന്ന് 5.45 ന് സ്നേഹാഞ്ജലി ഹാളിൽ വച്ച് നടന്ന സമ്മേളനം കല്ലേറ്റുംകര പാക്സ് ഡയറക്ടർ റവ. ഡോ. ജോജി കല്ലിങ്ങൽ ഉദ്ഘാടനം ചെയ്തു. മതബോധനത്തിൽ മാതാപിതാക്കൾക്കുള്ള പങ്കിനെ കുറിച്ചും, കുടുംബത്തിൽ മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള സ്നേഹബന്ധത്തെക്കുറിച്ചും ഉദ്ഘാടന പ്രസംഗത്തിൽ വിശദമായി പ്രതിപാദിക്കുകയുണ്ടായി.

ഹോളിക്രോസ് തീർത്ഥാടന ദൈവാലയം റെക്ടർ റവ. ഫാ. ജോസ് മാളിയേക്കൽ അദ്ധ്യക്ഷപ്രസംഗം നടത്തി. റവ. സി. ജീൻ മേരി FCC (മദർ സുപ്പീരിയർ, സെന്റ് സേവിയേഴ്സ് കോൺവെന്റ്), ശ്രീ. ജോസഫ് കാച്ചപ്പിള്ളി (ട്രസ്റ്റി, പള്ളി), ശ്രീ. ജസ്റ്റിൻ ജോസ് മംഗലത്ത് (PTA പ്രസിഡന്റ്), ശ്രീമതി അൽഫോൻസ റപ്പായി (അദ്ധ്യാപക പ്രതിനിധി), വചസ് ജോൺ (വിദ്യാർത്ഥി പ്രതിനിധി) എന്നിവർ ആശംസകൾ നേർന്നു. ഹെഡ്മാസ്റ്റർ ശ്രീ. ലോനപ്പൻ തട്ടിൽ മണ്ടി സ്വാഗതവും ശ്രീ. ജോഷി മഞ്ഞളി നന്ദിയും പറഞ്ഞു.

തുടർന്ന് വിദ്യാർത്ഥികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. അതോടൊപ്പം കഴിഞ്ഞ അദ്ധ്യയന വർഷത്തിലെ വിജയികൾക്കുള്ള സമ്മാനദാനവും നടത്തി.

മതബോധനദിനത്തിൽ പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനവും നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു.

**മതബോധന വാർഷികപരീഷ**

വാർഷികപരീക്ഷയുടെ തിയ്യതിയും പാഠഭാഗങ്ങളും താഴെ ചേർക്കുന്നു.

**STD 10,11,12** - ഫെബ്രുവരി 2 ഞായർ 2 p.m. - 4 p.m.

പാഠപുസ്തകങ്ങൾ 75%, വചനം എന്റെ ജീവൻ 15%, നമസ്കാരം, പാഠ്യേതര വിഷയങ്ങൾ 10%

**STD 6,7,8,9** - ഫെബ്രുവരി 9 ഞായർ 2 p.m. - 4 p.m.

**STD 1,2,3,4,5** - ഫെബ്രുവരി 16 ഞായർ 2 p.m. - 4 p.m.

**STD 5 മുതൽ 9 വരെ മാർക്ക് വിഭജനം**

പാഠപുസ്തകങ്ങൾ 1st ടേം 20%, 2nd ടേം 50%, വചനം എന്റെ ജീവൻ 15%, നമസ്കാരം, പാഠ്യേതര വിഷയങ്ങൾ 10% , ഇന്റേണൽ അസസ്മെന്റ് 5%

**STD 1 മുതൽ 4 വരെ മാർക്ക് വിഭജനം**

പാഠപുസ്തകങ്ങൾ 1st ടേം 20%, 2nd ടേം 60%, വചനം എന്റെ ജീവൻ 10%, ഇന്റേണൽ അസസ്മെന്റ് 10%

എല്ലാ കുട്ടികളും പരീക്ഷയ്ക്കായി ഒരുങ്ങണമെന്നും മാതാപിതാക്കന്മാർ അവരെ പ്രോത്സാഹിപ്പിക്കണമെന്നും ഓർമ്മപ്പെടുത്തുന്നു.

**ലോനപ്പൻ തട്ടിൽ മണ്ടി, ഹെഡ്മാസ്റ്റർ**

# വിശുദ്ധ കുരിശിന്റെ നൊവേനയും വെള്ളിയാഴ്ച ആചരണവും

## 2014 ജനുവരി മുതൽ

വിശുദ്ധ കുരിശിന്റെ നാമത്തിൽ സ്ഥാപിതമായ ഭാരതത്തിലെ ആദ്യ ക്രൈസ്തവ ദൈവാലയമായ നമ്മുടെ മാർസ്ലീവാതീർത്ഥാടന ദൈവാലയത്തിൽ (Holy Cross Shrine Church, Mapranam) നടത്തിവരുന്ന വെള്ളിയാഴ്ച ആചരണം കൂടുതൽ ആത്മീയ ശുശ്രൂഷകളോടെ 2014 ജനുവരി 3-ാം തിയ്യതി ആദ്യവെള്ളിയാഴ്ച മുതൽ ആരംഭിക്കുകയാണ്. യേശുനാഥൻ ലോകരക്ഷ പൂർത്തിയാക്കിയ കാൽവരിയിലെ കുരിശുമരണത്തിന്റെ ഓർമ്മ അനുസ്മരിക്കുന്ന വെള്ളിയാഴ്ചകളിൽ വിശുദ്ധകുരിശിന്റെ തിരുശേഷിപ്പു വണക്കത്തിനും കുരിശിന്റെ മഹത്വം പ്രഘോഷിക്കുന്ന അനുഗ്രഹദായകമായ വി. കുർബ്ബാനയിലേക്കും, തിരുവചന പ്രഘോഷണത്തിലേക്കും, തിരുമണിക്കൂർ ആരാധനയിലേക്കും, കുരിശിന്റെ നൊവേനയിലേക്കും, നേർച്ച ഭക്ഷണത്തിലേക്കും ഏവരേയും യേശുനാമത്തിൽ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

കുരിശാണ് രക്ഷ, കുരിശിലാണ് രക്ഷ എന്നുദ്ഘോഷിച്ച് സഹനത്തിന്റെ രക്ഷാകരമൂല്യം ഉൾകൊണ്ട് അനുഗ്രഹീതരാകുവാൻ ഈ ശുശ്രൂഷകൾ നമ്മെ സഹായിക്കുമാറാകട്ടെ.

## തിരുക്കർമ്മങ്ങളുടെ സമയം

**06.30 a.m. :** വിശുദ്ധ കുർബ്ബാന

**09.30 a.m. :** ജപമാല സമർപ്പണം

**10.00 a.m. :** പ്രസുദേന്തിവാഴ്ച, ലദീഞ്ഞ്, ആഘോഷമായ വി.കുർബ്ബാന, തിരുവചന പ്രഘോഷണം, വി. കുരിശിന്റെ നൊവേന, ആരാധന, നേർച്ച ഭക്ഷണം

**03.00 p.m. :** മിശിഹായുടെ തിരുമരണസമയ സ്മരണയിൽ അനുഗ്രഹദായകമായ തിരുമണിക്കൂർ ആരാധന

**04.00 p.m. :** വിശുദ്ധ കുർബ്ബാന

**04.45 p.m. :** സ്ലീവാപാത സെന്റ് ജോൺ കപ്പേളയിലേക്ക്

**05.15 p.m. :** വി.കുരിശിന്റെ നൊവേന : സെന്റ് ജോൺ കപ്പേളയിൽ

---

**രാവിലെ 10.00 മുതൽ വൈകീട്ട് 5.00 വരെ വി.കുരിശിന്റെ തിരുശേഷിപ്പ് വണങ്ങുന്നതിനും കുമ്പസാരത്തിനും സൗകര്യം ഉണ്ടായിരിക്കും.**

# ക്വിസ് മത്സരം

1. എമ്മാനുവേൽ എന്ന വാക്കിന്റെ അർത്ഥമെന്ത്?
2. റോമായിലേക്കുള്ള കപ്പൽ യാത്രയിൽ കപ്പൽ തകർന്ന് പൗലോസ് ശ്ലീഹാ എത്തിച്ചേർന്ന ദ്വീപേത്?
3. "പാപപങ്കിലമായ മനുഷ്യപ്രകൃതിയുടെ ഏക സ്തുതി പാത്രമേ" ആർ ആരെക്കുറിച്ചാണ് ഇത് പറഞ്ഞിരിക്കുന്നത്?
4. ഇന്ത്യയുടെ ചൊവ്വാ പര്യവേഷണത്തിന് തുടക്കം കുറിച്ചുകൊണ്ടുള്ള പേടകം വിക്ഷേപിച്ചതെന്ന്?
5. മാർപാപ്പയുടെ ട്വിറ്ററിന്റെ അഡ്രസ് എന്താണ്?
6. വി. പൗലോസ് ശ്ലീഹായുടെ ജന്മസ്ഥലമേത്?
7. വിദേശത്ത് ജോലി ചെയ്യുന്ന ഇന്ത്യൻ പൗരന്മാരെ സഹായിക്കുന്ന സർക്കാർ വകുപ്പേത്?
8. കല്യാൺ രൂപത നിലവിൽ വന്ന വർഷമേത്?
9. "ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവ് നഷ്ടമായാൽ നിനക്കെന്തുഫലം" വി. ഇഗ്നേഷ്യസ് ആരോടാണ് ഈ ചോദ്യമുന്നയിച്ചത്?
10. പശ്ചിമഘട്ടത്തിന്റെ ആരംഭവും അവസാനവും ഏതു സ്ഥലങ്ങളിലാണ്?
11. മിശ്രവിവാഹം എന്നതുകൊണ്ട് സഭയുടെ കാനൻ നിയമത്തിൽ എന്താണ് അർത്ഥമാക്കുന്നത്?
12. 'ബത്‌ലഹേം' എന്ന ഹീബ്രു പദത്തിന്റെ അർത്ഥമെന്ത്?
13. യേശുവിന്റെ ജനനത്തിന്റെ സദ്വാർത്ത ആദ്യം അറിയിക്കപ്പെട്ടതും കാണുവാൻ ഭാഗ്യം ലഭിച്ചതും ആർക്കാണ്?
14. കേരളത്തിന്റെ ഭൂവിസ്തൃതിയുടെ എത്ര ശതമാനമാണ് വനപ്രദേശം?
15. മതപരമായ പ്രാർത്ഥനകളിൽ ആമ്മേൻ തുടങ്ങിവച്ച മാർപാപ്പ?

അവലംബം : ഡിസംബർ ലക്കം കേരളസഭ, ഹോളിവോയ്സ്, അപ്പസ്തോല പ്രവർത്തനങ്ങൾ 21 മുതൽ 28 വരെ അദ്ധ്യായങ്ങൾ : ഉത്തരങ്ങൾ വെള്ളക്കടലാസിലെഴുതി ഹോളിവോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തിയ്യതി 15-01-2014.

## ഡിസംബർ ലക്കം ക്വിസ് മത്സര വിജയി : ശിഖ പ്രസാദ്


മത്സരത്തിൽ 17 പേർ പങ്കെടുത്തു. 11 പേരുടെ ഉത്തരങ്ങൾ ശരിയായിരുന്നു. അവരിൽ നിന്നും നറുക്കെടുത്ത് ബഹു. വികാരി റവ. ഫാ. ജോസ് മാളിയേക്കൽ വിജയിയെ പ്രഖ്യാപിച്ചു.

## ഡിസംബർ ലക്കം ക്വിസ് മത്സരത്തിൽ ശരിയുത്തരം അയച്ചവർ

1. മേരി ജോർജ് പള്ളിത്തറ, 2. ആൻസൽ ജെയ്സൻ പന്തലിപ്പാടൻ, 3. ശിഖ പ്രസാദ് ആഴ്ചങ്ങാടൻ, 4. ഓമന ലോനപ്പൻ ചാലിശ്ശേരി, 5. ആൽവിൻ ജോസ് ആട്ടോക്കാരൻ, 6. അഖിൽ ജോൺസൻ കാഞ്ഞാണിക്കാരൻ, 7. ലിജി ബിജു, 8. റോസി ആന്റണി കുറ്റിക്കാടൻ, 9. ജോൺസൻ കോമ്പാറക്കാരൻ, 10. സോണിയ ജോൺസൻ ഏറാട്ടുപറമ്പിൽ, 11. സിയ റൂബിസൻ കിടങ്ങുപറമ്പിൽ.

**NB : ക്വിസ് മത്സരത്തിൽ ഒരു വീട്ടിൽ നിന്ന് ഒരു അംഗം മാത്രമേ പങ്കെടുക്കാവൂ.**

# കളർ കൊടുക്കൂ... സമ്മാനം നേടൂ!



പേര് ..............................................................................................

വീട്ടുപേര് ..............................................................................................

മതബോധന ക്ലാസ്സ് ...........................യൂണിറ്റ്..............................................

--------------------------------------------------------------------------------

മതബോധനം LP - UP തലത്തിലെ വിദ്യാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. ഹോളി വോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തീയതി **ജനുവരി 15**

# വചനം...

ഉയിരായുണരും വചനം - ഉള്ളിൽ
ഉണ്മയായ്ത്തെളിയും വചനം
ഊഴിയും ആഴിയും അഴകാർന്ന വാനവും
ഉൾ നിറയ്ക്കും തിരുവചനം
ഉണർന്നുപാടും വചനം....
ഹല്ലേലൂയാ ഹല്ലേലൂയാ
ഹല്ലേലൂയാ ഹല്ലേലൂയാ!
ആദിയിലഖിലവും സൃഷ്ടിച്ചൊരുക്കിയ
അനാദിയായ വചനം
അഴലിൻ ഇരുളിൽ അലയും മനസ്സിന്
വഴിയായ് നടന്ന തിരുവചനം
ഹല്ലേലൂയാ ഹല്ലേലൂയാ
ഹല്ലേലൂയാ ഹല്ലേലൂയാ
വിനകളറ്റീ മാനവനൂഴിയിൽ
വിൺതലമൊരുക്കും വചനം
പരനായ് പ്രാണൻ നൽകിയ സ്നേഹം
പകരും ജീവിതവചനം
ഹല്ലേലൂയാ ഹല്ലേലൂയാ
ഹല്ലേലൂയാ ഹല്ലേലൂയാ

**— പോളി അറയ്ക്കൽ, മാപ്രാണം —**

---

## കഴിഞ്ഞ ലക്കം ക്വിസ് മത്സരവിജയി

**ശിഖ പ്രസാദ്**

ആഴ്ചങ്ങാടൻ വീട്,
വാ.മദർ തെരേസ യൂണിറ്റ്



---

## കഴിഞ്ഞ ലക്കം കളറിംഗ് മത്സര വിജയികൾ

**ഹന്ന മേരി വർഗ്ഗീസ്**
പടമാടൻ വീട്,
സെന്റ് മേരീസ് യൂണിറ്റ് I,
ക്ലാസ്സ് II B,
**എൽ.പി.വിഭാഗം**





**എബിസൺ പ്രിൻസ്**
കുണ്ടുകുളം വീട്,
സെന്റ് അൽഫോൻസ യൂണിറ്റ്
ക്ലാസ്സ് VI A,
**യു.പി.വിഭാഗം**

# ബൈബിൾ കലണ്ടർ : ജനുവരി - 2014

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | **1**<br>മത്താ 1:18-25, ലൂക്കാ 2:21<br>ഫിലി 2:5-11 | **2**<br>മത്താ 4:12-17<br>ശ്ലീഹാ 3:20-26 | **3**<br>മത്താ 5:1-12<br>റോമാ 16:17-20, 25-27 | **4**<br>ലൂക്കാ 12:35-40<br>1 കോറി 2:11-15 |
| **5**<br>ലൂക്കാ 2:21-35<br>2 തിമോ 2:16-26<br>പുറ 2:1-10 | **6**<br>മത്താ 3:13-17<br>തീത്തോ 3:1-7 | **7**<br>ലൂക്കാ 13:23-30<br>തീത്തോ 3:8-11 | **8**<br>യോഹ 2:13-17<br>1 കോറി 6:15-20 | **9**<br>ലൂക്കാ 7:11-17<br>1 കോറി 2:6-10 | **10**<br>മർക്കോ 6:14-29<br>എഫേ 2:19-37 | **11**<br>യോഹ 10:31-39<br>റോമ 9:30-33 |
| **12**<br>ലൂക്കാ 4:16-22a<br>2 തിമോ 3:10-15<br>പുറ 3:1-12 | **13**<br>യോഹ 17:20-26<br>1 കോറി 11:17-22 | **14**<br>യോഹ 15:1-10<br>1 കോറി 12:12-18 | **15**<br>യോഹ 21:15-19<br>എഫേ 2:11-19 | **16**<br>മർക്കോ 4:35-41<br>1 പത്രോ 5:5-9 | **17**<br>മത്താ 16:13-19<br>2 കോറി 11:21b-31 | **18**<br>മർക്കോ 1:21-28<br>റോമ 10:10-20 |
| **19**<br>യോഹ 1:14-18<br>ഹെബ്രാ 3:1-6<br>സംഖ്യ 10:29-36 | **20**<br>മത്താ 10:24-33<br>2 തിമോ 2:1-5 | **21**<br>യോഹ 17:6-11<br>റോമ 15:14-21 | **22**<br>ലൂക്കാ 3:15-18<br>2 കോറി 6:4-10 | **23**<br>മർക്കോ 10:17-22<br>1 കോറി 9:24-27 | **24**<br>മത്താ 10:1-15<br>1 കോറി 4:9-16 | **25**<br>മത്താ 20:1-16<br>1 കോറി 15:1-10 |
| **26**<br>യോഹ 1:29-34<br>ഹെബ്രാ 4:1-10<br>സംഖ്യ 11:11-20 | **27**<br>ലൂക്ക 5:12-16<br>ശ്ലീഹ 16:25-34 | **28**<br>ലൂക്കാ 4:22-30<br>ഹെബ്രാ 4:1-7 | **29**<br>യോഹ 10:1-6<br>ഗലാ 1:6-10 | **30**<br>യോഹ 1:35-42<br>2 കോറി 5:11-14 | **31**<br>മത്താ 23:34-39<br>2 കോറി 4:8-18 | |